# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### മംഗളവാർത്തക്കാലം : ഒന്നാം ഞായർ
### ലൂക്കാ 1,5–25

"ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന ബോധ്യത്തോട് കൂടി
ദൈവത്തിന്റെ അൾത്താരയെ സമീപിക്കുന്നവർക്ക്
ദൈവം അനുഗ്രഹങ്ങൾ വച്ചുനീട്ടും!"

"സഖറിയ എലീശ്വ ദമ്പതികൾ ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിച്ചിരുന്നവരുമായിരുന്നു!" മാതൃകയാക്കാവുന്ന ദമ്പതികൾ!

"സ്നാപകയോഹന്നാൻെറ ജനനത്തെക്കുറിച്ച് അറിയിപ്പ്" നൽകുന്ന വചനഭാഗം (ലൂക്കാ 1,5–25) ഓർമ്മപ്പെടുത്തുന്നത് ഒന്നുമാത്രമാണ്, "വിശ്വാസത്തോട് കൂടി ദൈവത്തിന്റെ അൾത്താരയെ സമീപിക്കുന്നവർക്ക് ദൈവം അനുഗ്രഹങ്ങൾ വാരി വിതറും!" ഒരുപാട് കാലം കാത്തിരുന്ന് കണ്ണുനീര് ഒലിച്ചിറങ്ങുന്ന മുഖവുമായാണ് സഖറിയ ദൈവത്തിന്റെ അൾത്താരയിൽ ബലിയർപ്പിക്കുന്നത്. കണ്ണുനീർ ഒലിച്ചിറങ്ങുമ്പോഴും അവന്റെ അധരങ്ങളിൽ അലിയിച്ച് ചേർത്ത ജപം, "കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനങ്ങളാണെങ്കിൽ, മക്കളില്ലാതെ ജനത്തിന്റെ മുന്നിൽ നിൽക്കേണ്ടി വരുന്ന വലിയ ശാപത്തിൽ നിന്ന് കരയേറാൻ ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിക്കണം" എന്നതു മാത്രമാണ്. പ്രായം പരാധീനതകൾ തീർത്തിട്ടും ബലിയർപ്പിക്കാൻ അൾത്താരയിലേയ്ക്ക് യാത്രയായ വൃദ്ധപുരോഹിതൻ അൾത്താരയ്ക്ക് മുമ്പിൽ നിന്ന് കരങ്ങൾ കൂപ്പുമ്പോൾ ഏലീശ്വ വീട്ടിലിരുന്ന് ദൈവതിരുമിൽ കരങ്ങൾ വിരിക്കുകയാണ്, "വന്ധ്യമായ ഉദരത്തിലേയ്ക്ക് ദൈവകൃപ പെയ്തിറങ്ങാൻ!"

വിശ്വാസത്തോട് കൂടി ദൈവത്തിന്റെ അൾത്താരയെ സമീപിച്ചവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുന്നു! എങ്കിൽ, ഒന്നുറപ്പാണ് "വിശ്വാസമാണ് അനുഗ്രഹങ്ങളുടെ അളവുകോൽ!" എന്തുമാത്രം വിശ്വാസത്തിൽ ആഴപ്പെടുന്നുവോ അത്രമാത്രം അനുഗ്രഹങ്ങൾ കൊണ്ട് ദൈവം അനുഗ്രഹിക്കുന്നു. ലൂക്കായുടെ സുവിശേഷം 5-ാം അധ്യായത്തിൽ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന രംഗം ഉണ്ട് വിശ്വാസത്തോട്കൂടി കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ് എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണിത്. ക്രിസ്തു ഒരു പട്ടണത്തിൽ ആയിരിക്കുമ്പോൾ ഒരു കുഷ്ഠരോഗി വന്ന് സാഷ്ടാംഗം വീണു അവനോട് പ്രാർതിഥക്കുകയാണ്;

"കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും."

തൽക്ഷണം ക്രിസ്തു കൈ നീട്ടി അവനെ തൊട്ടുകൊണ്ടു പറയുകയാണ്;

"എനിക്കു മനസ്സുണ്ട്; നിനക്കു ശുദ്ധിയുണ്ടാകട്ടെ!"

പിന്നീട് വചനം സംസാരിക്കുന്നത് ഇപ്രകാരമാണ്; "തത്ക്ഷണം കുഷ്ഠം അവനെ വിട്ടുമാറി." (ലൂക്കാ 5,12–13).

ക്രിസ്തു ഇന്നും സൗഖ്യം തരാൻ തയ്യാറാണ്. പക്ഷെ, വിശ്വാസത്തോട് കൂടി ക്രിസ്തുവിനെ സമീപിക്കണം. വിശ്വാസത്തോട് കൂടി കർത്താവിനെ സമീപിക്കുന്നവരെയാണ് കർത്താവ് സമൃദ്ധമായി അനുഗ്രഹിക്കു

ന്നത്... അനുഗ്രഹങ്ങൾകൊണ്ട് സംതൃപ്തരാക്കുന്നത്. രക്തസ്രാവക്കാരി സ്ത്രീയുടെ ജീവിതത്തിലേയ്ക്കൊന്നു നോക്കുക. കർത്താവ് സൗഖ്യം സമ്മാനിക്കാൻ മറന്ന് പോയിട്ടും, വിശ്വാസത്തോട് കൂടി അവൾ കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചപ്പോൾ അവൾ സുഖം പ്രാപിച്ചു. തുടർന്ന് കർത്താവ് അവളെ അനുഗ്രഹിച്ച് യാത്രയാക്കുമ്പോൾ പറയുന്നത് ഇപ്രകാരമാണ്;

"മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക" (ലൂക്കാ 8,48).

ചുരുക്കത്തിൽ വിശ്വാസം രക്ഷയിലേയ്ക്കും രക്ഷ സമാധാനത്തിലേയ്ക്കും നയിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഇന്ന് ജീവിതത്തിൽ സമാധാനം കുറഞ്ഞ് പോകുന്നുണ്ടെങ്കിൽ, വ്യക്തിജീവിതത്തിൽ രക്ഷ അകന്ന് നിൽക്കുന്നുണ്ടെങ്കിൽ കാരണം വിശ്വാസം ക്ഷയിച്ച് പോകുന്നതാണ്. അവിശ്വാസം തലപ്പൊക്കുമ്പോൾ സമാധാനം ക്ഷയിച്ച് പോകുന്നു. വൃദ്ധ പുരോഹിതനായ സഖറിയായുടെ ജീവിതത്തിലേയ്ക്കൊന്നു നോക്കുക. ഒരായുസിന്റെ മുഴുവൻ പ്രാർത്ഥനയ്ക്കും ദൈവം ഉത്തരമായി അവതരിക്കുമ്പോൾ അവൻ അവിശ്വാസിക്കുന്നു. അവന്റെ അവിശ്വാസം അസമാധാനത്തിലേയ്ക്ക് നയിക്കുന്നു. വചനം പറയുന്നത് ശ്രദ്ധിക്കുക;

"ദൂതൻമറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആണ്. നിന്നോടു സംസാരിക്കാനും സന്തോഷകരമായ ഈ വാർത്തനിന്നെ അറിയിക്കാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതു കൊണ്ട് നീ മൂകനായിത്തീരും" (ലൂക്കാ 1,19).

"കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലത്തുവശത്തു നിൽക്കുന്നതായി അവനു പ്രത്യക്ഷപ്പെട്ടു. അവനെക്കണ്ട് സഖറിയാ അസ്വസ്ഥനാവുകയും ഭയപ്പെടുകയും ചെയ്തു..." (ലൂക്ക 1,11) സഖറിയ അസ്വസ്ഥത വിശ്വാസജീവിതത്തിൽ ആഴമില്ലാത്തതിന്റെ തെളിവാണ്.

വൃദ്ധനായ അബ്രാഹമിനും പ്രായം കവിഞ്ഞവളുമായ സാറയ്ക്കും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽതീരത്തെ മണൽത്തരികൾ പോലെയും കുഞ്ഞുങ്ങളെ സമ്മാനിച്ച ദൈവത്തിൽ "ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്" (ലൂക്കാ 1,18) എന്നു പറഞ്ഞ് സഖറിയ അവിശ്വസിക്കുന്നു. അവന്റെ അവിശ്വാസം കുറച്ച് നാളത്തേയ്ക്ക് ആണെങ്കിൽപ്പോലും അവന്റെയും അവന്റെ കുടുംബത്തിന്റെയും സമാധാനമില്ലായ്മയിലേയ്ക്ക് നയിക്കുന്നു. എങ്കിൽ, ഒന്നുറപ്പാണ്; "ഇന്ന് കുടുംബങ്ങളിൽ സമാധാനം കുറഞ്ഞ് പോകുന്നുണ്ടെങ്കിൽ, രക്ഷ ക്ഷയിച്ച് പോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം വിശ്വാസം പ്രഹസനമായി തീരുന്നതാണ്."

ഇന്ന്, പലപ്പോഴും വിശ്വാസം നമ്മുക്കൊരു പ്രഹസനം മാത്രമാണ്. മറ്റുള്ളവർ കാണുന്നതിനും കേൾക്കുന്നതിനും വേണ്ടിമാത്രം എടുത്തണിയുന്ന ആഭരണം മാത്രം! അൾത്താരയാകുന്ന അഗ്നിയിൽ വെന്ത ആവിയാറാത്ത അപ്പം ഭക്ഷിക്കുന്നതുവരെ മറ്റുള്ളവർ കാണുന്നതിനും കേൾക്കുന്നതിനും വേണ്ടി മാത്രമായി ഞാൻ ചുരുക്കുന്നുണ്ട്! "ക്ഷയിച്ച വിശ്വാസം കെട്ടികിടക്കുന്ന വെള്ളം പോലെയാണെന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല! അനുദിനം മാലിന്യം കുമിഞ്ഞ് കൂടി ദുർഗന്ധം മാത്രം സമ്മാനിക്കുന്ന ജീവിതം. വിശ്വാസത്തെ കത്തിജ്വലിപ്പിക്കേണ്ടിയിരിക്കുന്നു ദൈവ ശിക്ഷയിൽ നിന്ന് അകന്ന് നിൽക്കാൻ.

ഇറാക്കിലേയും സിറിയയിലേയും നിരവധി ചരിത്രപ്രാധാന്യമുള്ള ദേവാലയങ്ങൾ തകർക്കുകയും ക്രൈസ്തവരെ തങ്ങളുടെ കൊലകത്തിക്ക്

ഇരയാകുകയും ചെയ്യുക എന്നത് ഐ.എസ് ഭീകരരുടെ ഇഷ്ടവിനോദമാണ്. ക്രൈസ്തവരായി ഇറാക്കിൽ ജീവിക്കണമെങ്കിൽ നസ്റിയൻ എന്ന പേരിൽ തീവ്രവാദികൾ പിരിക്കുന്ന ഭീമമായ നികുതി പണം നൽകണം. മനുഷ്യ മനസുകളെ ഞെട്ടിക്കുന്ന വാർത്തകൾ മാത്രം കുറച്ചു നാളായി വരുന്ന ഇറാക്കിലെ മൊസൂളിൽ നിന്നും വീണ്ടുമൊരു ദാരുണ സംഭവം റിപ്പോർട്ട് ചെയ്തത് ഇപ്രകാരമാണ്.

"ക്രൈസ്തവരിൽ നിന്നും നികുതി പിരിക്കുവാൻ എത്തിയ തീവ്രവാദികൾ പന്ത്രുകാരിയായ ബാലികയെ അമ്മയുടെ കൺമുന്നിലിട്ടു കത്തിച്ചു." ഇറാക്കിലെ മൊസൂളിലാണു സംഭവം നടന്നത്. വാതിലിൽ വന്നു മുട്ടിയ തീവ്രവാദികൾക്കു കതകുകൾ തുറന്നു നൽകിയ വീട്ടമ്മയോട് നികുതി പണം നൽകുവാൻ ഭീകരർ ആവശ്യപ്പെട്ടു. "പണം എടുത്തുകൊണ്ടു നൽകാം, എന്റെ മകൾ കുളിക്കുകയാണ്. ഞാൻ അവളെ ഒന്നു തുടയ്ക്കട്ടെ ദയവായി ഒരു നിമിഷം കാത്തിരിക്കു..." എന്നു പറഞ്ഞ വീട്ടമ്മയ്ക്കു തീവ്രവാദികൾ നൽകിയ ശിക്ഷയാണ് കിരാതമായി അവർ ആ പിഞ്ചു കുഞ്ഞിനെ കുളിമുറിയിൽ കയറി ചുട്ടുകരിച്ചത്.

മൊസൂളിൽ തീവ്രവാദികളുടെ ആക്രമണത്തിൽ പൊള്ളലേറ്റ തന്റെ മകളേയും താങ്ങി ക്രൈസ്തവയായ വീട്ടമ്മ സമീപത്തു തന്നെയുള്ള ആശുപത്രിയിലേക്കു ഓടി. ഗുരുതരമായി പൊള്ളലേറ്റ പന്ത്രണ്ടുകാരി അമ്മയോടു പറഞ്ഞത് ഇങ്ങനെയാണ്.

"അമ്മേ അവർക്ക് അറിവില്ല, നമ്മൾ അവരോടു ക്ഷമിക്കണം. ഞാൻ അവരോടു ക്ഷമിച്ചിരിക്കുന്നു."

ഈ വാക്കുകൾ പൂർത്തിയാക്കിയ ശേഷം അവൾ മരണത്തിനു കീഴടങ്ങി. ഇരുളിന്റെ നടുവിലാണു വിശ്വാസത്തിന്റെ പ്രകാശം സമ്മാനിക്കുന്ന ഇത്തരം വ്യക്തികളുടെ 'സിഗ്നേച്ചർ' അണഞ്ഞുപോകാതെ ജ്വലിച്ചിരിക്കുന്നത്. വിശ്വാസം അത് ജീവിതത്തിൽ ഏച്ചുകെട്ടേണ്ട ഒന്നല്ല. മറിച്ച്, ജീവിതം തന്നെയായിരിക്കണം. ജീവിതത്തിൽ ദൈവം ഇടപെടുന്ന സമയമുണ്ട് എന്നുള്ള ബോദ്ധ്യത്തോട് കൂടി ദൈവകരങ്ങളിൽ ജീവിതത്തെ സമർപ്പിക്കാൻ സാധിക്കണം. ബലിപീഠത്തിന് മുമ്പിൽ ധൂപാർപ്പണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ദൈവശക്തിയേയും ദൈവസാന്നിധ്യത്തെയും ചോദ്യം ചെയ്ത സഖറിയായെ ദൈവം വിശ്വാസത്തിലേയ്ക്ക് നയിക്കുന്നത് സഹനം സമ്മാനിച്ചുകൊണ്ടാണ്. ഒരുപക്ഷെ, ദൈവികശക്തിയെ സംശയിക്കുന്നവർക്കെല്ലാം ദൈവം സമ്മാനിക്കുന്നത് സഹനങ്ങൾ തന്നെയാകാം.

യോഹന്നാൻ വലിയ ഭാഗ്യമായി സഖറിയ എലീശ്വ ദമ്പതികളുടെ ജീവിതത്തിലേയ്ക്ക് വിരുന്ന് വരുന്നതിനുള്ള കാരണം നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിച്ചിരുന്നവരുമായിരുന്നതുകൊണ്ടാണ്!

"പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും
ലഭിക്കുമെന്നു വിശ്വസിക്കുവിൻ;
നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും!"

മർക്കോസ് 11,24

ഫാ. ജോബി മേനോത്ത്
+91 944 7777 931